**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1655     04/12/2015-ൽ മറുപടി നല്കേണ്ടിയിരുന്നത്

## ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ

ചോദ്യം

**ശ്രീ.പി.കെ.ഗുരുദാസൻ**

ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ടി എ) നടപ്പ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

സമ്പൂർണ്ണ ജൈവകാർഷിക മണ്ഡലം പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ്, മറ്റ് അനുബന്ധ വകുപ്പുദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെ യോഗം കൂടുകയും അതത് നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്ത് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. 2015-16 വർഷം കാസർഗോഡ് ജില്ലയിൽ ജൈവകൃഷി, ജൈവകൃഷി പ്രോത്സാഹനത്തിന് അവാർഡ്, ജൈവ ഉല്പന്നങ്ങളുടെ വിപണന സഹായം, ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പാക്കൽ, ഗുണ നിയന്ത്രണം, നിലവിലുള്ള 4 മണ്ണുപരിശോധന ലാബുകളിൽ ജൈവവള പരിശോധനയ്ക്കുള്ള അധിക സംവിധാനം സജ്ജമാക്കുക എന്നീ ഘടകങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖേന 2015-16 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി 2500 ഹെക്ടർ വീതം ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും ഇടുക്കി, മലപ്പുറം, വയനാട്, കോഴിക്കോട്,

കാസറഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ, 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3500 ഹെക്ടറിന്റെ ശേഷിക്കുന്ന ഭൗതിക ലക്ഷ്യമായ 2500 ഹെക്ടർ ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്.

വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. 16537 വീടുകളിൽ ഇവ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ, കോഴിക്കോട്, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 'കൃഷി ബിസിനസ്സ് കേന്ദ്ര' വഴി ജൈവവളങ്ങൾ, ജൈവരോഗകീടനാശിനികൾ, എന്നിവ വിതരണം ചെയ്തുവരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി ഒരു കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്ന-തിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ ഉണ്ടാക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതി-നായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയ-ന്ത്രിതമായ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ വിഷ വിമുക്ത പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായത്.

സ്വാശ്രയസംഘങ്ങളിലെ ചർച്ചകളും പ്രായോഗിക പരിശീലനങ്ങളും ഉൾപ്പെടുത്തി സാങ്കേതിക വിദഗ്ധരും ഉദ്യോഗസ്ഥരും മാസ്റ്റർ കർഷകരും ചേർന്ന് കർഷക പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നു.

ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കുമോ;

1. കാസർഗോഡ് ജില്ലയിൽ ജൈവകൃഷി - 197/- ലക്ഷം രൂപ അനുവദിച്ചു.
2. ജൈവകൃഷി പ്രോത്സാഹനത്തിന് അവാർഡ് -111/- ലക്ഷം രൂപ.
3. ജൈവ ഉല്പന്നങ്ങളുടെ വിപണന സഹായം - 353/- ലക്ഷം രൂപ.
4. ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പാക്കൽ ഗുണ നിയന്ത്രണം 106.50/- ലക്ഷം രൂപ.
5. നിലവിലുള്ള 4 മണ്ണുപരിശോധന ലാബുകളിൽ ജൈവവള പരിശോധനയ്ക്കുള്ള അധിക സംവിധാനം സജ്ജമാക്കുന്നതിന് 67.6 ലക്ഷം/- രൂപ.

കേന്ദ്രസഹായമായി ജൈവ കൃഷി പ്രോത്സാഹനത്തിന് 849.38 ലക്ഷം രൂപയുടെ പദ്ധതി 2015-16 വർഷം അനുവദിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ (പരമ്പരാഗത കൃഷി വികാസ് യോജന) 119 ക്ലസ്റ്ററുകൾ മുഖേന ജൈവ കൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്നു. ഇതിനുള്ള ധനസഹായമായി 424.69 ലക്ഷം രൂപ കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ പാർട്ടിസിപ്പേറ്ററി ഗ്യാരണ്ടി സിസ്റ്റം വഴി ഉല്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾക്ക് ഉല്പാദന ബോണസ്സ് നല്കുന്നതിനായി 100 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം വെജിറ്റബിൾ &

ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് അനുവദിച്ചിട്ടുണ്ട്.

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി:-**

കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി വ്യാപനത്തിനായി അനുവദിച്ചിട്ടുള്ള തുകയിൽ നാളിതുവരെ പദ്ധതി നടത്തിപ്പിനായി 102.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**2. ജൈവ കൃഷി പ്രോത്സാഹനത്തിന് അവാർഡ്:-**

നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല. അവാർഡ് നല്കുന്നതിനായി തുക ഉടൻ തന്നെ വിനിയോഗിക്കുന്നതാണ്.

**3. ജൈവ ഉല്പന്നങ്ങളുടെ വിപണന സഹായം:-**

ആലപ്പുഴ ജില്ലയിൽ 6 എക്കോഷോപ്പുകളിൽ ഒരെണ്ണം ആരംഭിച്ചു. മറ്റു ജില്ലകളിൽ പദ്ധതി നടത്തിപ്പിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല.

**4. ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പാക്കൽ, ഗുണനിയന്ത്രണം:-**

ജൈവകൃഷി പ്രോത്സാഹന പദ്ധതിയോടനുബന്ധിച്ച് അനുവദിച്ചിട്ടുള്ള തുക ജില്ലകളിൽ വിവിധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. പദ്ധതിയിൽ 38,500/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**5. നിലവിലുള്ള 4 മണ്ണു പരിശോധന ലാബുകളിൽ ജൈവവള പരിശോധനയ്ക്കുള്ള അധിക സംവിധാന സജ്ജമാക്കുന്നതിന്:-**

ഈ പദ്ധതിയിൽ തുക ചെലവഴിച്ചിട്ടില്ല.

**6. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ:-**

പി.കെ.വി.വൈ പദ്ധതിയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സി) ജൈവകൃഷി വ്യാപനത്തിനായി ദേശീയ ഹോർട്ടികൾച്ചർ മിഷൻ എത്ര തുക അനുവദിച്ചു എന്നറിയിക്കുമോ?

നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ ജൈവ കൃഷി വ്യാപനത്തിനും 75 ലക്ഷം രൂപ ജൈവ സർട്ടിഫിക്കേഷനും വേണ്ടി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3500 ഹെക്ടറിന്റെ ശേഷിക്കുന്ന ഭൗതിക ലക്ഷ്യമായി 2500 ഹെക്ടർ നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 100 ലക്ഷം രൂപ ജൈവ കൃഷി വ്യാപനത്തിനും 75 ലക്ഷം രൂപ ജൈവ സർട്ടിഫിക്കേഷനും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**